©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്

## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVI<br>വാല്യം 56 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | 7th June 2011<br>2011 ജൂൺ 7<br>17th Jyaishta 1933<br>1933 ജ്യേഷ്ഠം 17 | No.<br>നമ്പർ | 23 |

# PART III

# Marine Department

ദർഘാസ് പരസ്യം

നമ്പർ ഡി-5/224/11/ഇഇ. 2011 മേയ് 17.

കേരള ഗവർണ്ണർക്കുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, വിഴിഞ്ഞം, തിരുവനന്തപുരം താഴെ പറയുന്ന പ്രവൃത്തികൾക്കുവേണ്ടി അംഗീകൃത കരാറുകാരിൽ നിന്നും മുദ്രവച്ച കവറുകളിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പരും പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം ₹ |
|---|---|---|
| 1 | 6/ഇഇ/2011-12—വിഴിഞ്ഞത്തെ ഗാരേജ് ഷെഡിന്റെ നവീകരണ പ്രവൃത്തികൾ—₹ 4,12,669 | 10,350 |
| 2 | 7/ഇഇ/2011-12—ഓടയത്തെ പുതിയ മാക്രോ ബ്രാച്ചിയം ഹാച്ചറികെട്ടിടത്തിന്റെ ജലവിതരണ ക്രമീകരണം—₹ 2,93,097. | 7,350 |

ദർഘാസ് പ്രമാണത്തിന്റെ വില—

അസ്സൽ—ക്രമനമ്പർ 1-ന് ₹ 900 + 4% നികുതി, ക്രമനമ്പർ 2-ന് ₹ 600 + 4% നികുതി.

പകർപ്പ്—ക്രമനമ്പർ 1-ന് ₹ 450 + 4% നികുതി, ക്രമനമ്പർ 2-ന് ₹ 300 + 4% നികുതി.

ദർഘാസ് പ്രമാണം വിതരണം ചെയ്യുന്ന തീയതിയും സമയവും—3-6-2011 മുതൽ 8-6-2011 ഉച്ചയ്ക്ക് 12 മണിവരെ.

ദർഘാസ് തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും—8-6-2011, ഉച്ചയ്ക്ക് 3 മണിവരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—8-6-2011, ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക്.

കരാറുകാരന്റെ തരംതിരിവ്—'ഡി'-യും അതിനു മുകളിലും.

പ്രവൃത്തിയുടെ കാലാവധി—2 മാസം.

ദർഘാസ് സംബന്ധിച്ചുള്ള പൊതുമരാമത്തു വകുപ്പിന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. കാരണംകൂടാതെ ദർഘാസ് റദ്ദുചെയ്യുവാനോ മാറ്റിവയ്ക്കുവാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രവൃത്തിയെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ ദർഘാസ് ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് ദിവസമായിരിക്കുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ പൂർണ്ണ
അധിക ചുമതലയുള്ള
അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ (ഹയർ ഗ്രേഡ്).

എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,
ഹാർബർ എഞ്ചിനീയറിംഗ്
തിരുവനന്തപുരം ഡിവിഷൻ,
വിഴിഞ്ഞം.

## ദർഘാസ്/ലേല പരസ്യം

നമ്പർ എ2-3301/94. 2011 മേയ് 23.

കേരള ഗവർണ്ണർക്കുവേണ്ടി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ കാണിച്ചിട്ടുള്ള അവകാശങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഒരു വർഷത്തേക്ക് ഏറ്റെടുത്ത് നടത്തുന്നതിന് പ്രത്യേകം ആലേഖനം ചെയ്ത മുദ്രവച്ച കവറുകളിൽ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിന് പുറമേ പരസ്യ ലേലവും നടത്തുന്നതാണ്. ദർഘാസിലോ ലേലത്തിലോ ഏതിലാണ് ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യപ്പെടുന്നത് ആ തുകയ്ക്ക് പ്രസ്തുത ആളുടെ പേരിൽ അവകാശം ഉറപ്പിക്കുന്നതാണ്. അവകാശം ഉറപ്പിച്ച് കരാർ ഒപ്പിട്ട് അവകാശം ഏറ്റെടുക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും അവകാശ നടത്തിപ്പിന്റെ കാലാവധി. ടി കാലാവധിക്കുശേഷം എന്തെങ്കിലും കാരണവശാൽ മറ്റൊരു കരാർ ഉറപ്പിക്കുന്നതിന് കാലതാമസമുണ്ടായാൽ പുതിയ ഒരു കരാറിലേർപ്പെടുന്നതുവരെയുള്ള ഭാഗികമായ കാലാവധിയിൽ ടിയാൻ ഇതേ നിരക്കിൽ പണമടച്ച് തുടരുവാൻ ബാദ്ധ്യസ്ഥനാണ്.

| ക്രമ നമ്പർ | ദർഘാസ് നമ്പരും അവകാശത്തിന്റെ പേരും | നിരതദ്രവ്യം ₹ |
|---|---|---|
| 1 | 1/ഇഇ/2011-12—തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്ററിൽ പ്രവേശിക്കുന്ന വാഹനങ്ങളിൽനിന്നും ആളുകളിൽ നിന്നും മത്സ്യം കയറ്റി പോകുന്ന വാഹനങ്ങളിൽ നിന്നും വാർഫിൽ അടുത്ത് മത്സ്യം ഇറക്കുന്നതും നങ്കൂരമിടുന്നതുമായ ബോട്ടുകളിൽ നിന്നും ഒരു വർഷത്തേക്ക് ടോൾ/യൂസർ ചാർജ് പിരിവ് നടത്തുന്നതിനുള്ള അവകാശം. (വിവിധ ലൈസൻസുകൾ, തറവാടക എന്നിവ ഉൾപ്പെടുന്നില്ല) | 12,500 |
| 2 | 2/ഇഇ/2011-12—തൃശ്ശൂർ ജില്ലയിൽ കടപ്പുറം പഞ്ചായത്തിലെ മുനക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിൽ പ്രവേശിക്കുന്ന വാഹനങ്ങളിൽനിന്നും ആളുകളിൽ നിന്നും മത്സ്യം കയറ്റിപോകുന്ന വാഹനങ്ങളിൽ നിന്നും വാർഫിൽ അടുത്ത് മത്സ്യം ഇറക്കുന്നതും നങ്കൂരമിടുന്നതുമായ ബോട്ടുകളിൽ നിന്നും ഒരു വർഷത്തേക്ക് ടോൾ/യൂസർ ചാർജ് പിരിവ് നടത്തുന്നതിനുള്ള അവകാശം. (വിവിധ ലൈസൻസുകൾ, തറവാടക എന്നിവ ഉൾപ്പെടുന്നില്ല) | 12,500 |

ദർഘാസ് പ്രമാണത്തിന്റെ വില—₹ 500 + വാറ്റ് @ 4%.

ദർഘാസുകൾ സ്വീകരിക്കുന്ന സ്ഥലം —അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, സബ് ഡിവിഷൻ, ചേറ്റുവ.

ദർഘാസ് പ്രമാണം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—17-6-2011 ഉച്ചയ്ക്കുശേഷം 2 മണി.

ലേലത്തീയതിയും സമയവും—17-6-2011 ഉച്ചകഴിഞ്ഞ് 2.30 മണി.

ദർഘാസുകൾ തുറക്കുന്ന തീയതിയും സമയവും—17-6-2011 ഉച്ചകഴിഞ്ഞ് 3 മണി.

ലേലം നടത്തുന്ന സ്ഥലം—അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, സബ് ഡിവിഷൻ, ചേറ്റുവ.

ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളുന്നവർ നിശ്ചിത പ്രകാരമുള്ള നിരതദ്രവ്യം ട്രഷറിയിലോ അംഗീകൃത ബാങ്കിലോ ഒടുക്കി തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് മുനമ്പം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പിൻവലിക്കാൻ അധികാരം രേഖപ്പെടുത്തി സ്റ്റാമ്പ് ഒപ്പിട്ട് രസീതുകൾ ക്വട്ടേഷനുകൾക്കൊപ്പം ലേലത്തിന് മുൻപായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. ദർഘാസിലും ലേലത്തിലും പങ്കെടുക്കുന്നവർ ദർഘാസിനോടൊപ്പവും ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുൻപായും ₹ 100-ന്റെ മുദ്ര പത്രത്തിൽ പ്രാഥമിക കരാർ ഒപ്പിട്ട് നൽകേണ്ടതാണ്. ഒരു വ്യക്തി തന്നെ ദർഘാസിലും ലേലത്തിലും പങ്കെടുക്കുന്നുണ്ടെങ്കിൽ രണ്ട് ഫോറം വാങ്ങേണ്ടതും അത് പൂരിപ്പിച്ച് പ്രാഥമിക കരാറും ₹ 12,500-ന്റെ നിരതദ്രവ്യവും പ്രത്യേകം പ്രത്യേകം രണ്ടു ഫോറത്തിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ ദർഘാസ്/ലേലത്തിനു മുൻപ് ക്വട്ടേഷൻ ഫോറം വാങ്ങി അതിലെ നിബന്ധനകൾ വായിച്ച് ഒപ്പുവച്ച് നൽകേണ്ടതും ക്വാട്ട് ചെയ്യുന്ന തുകയ്ക്കുള്ള സോൾവെൻസി സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്. വാഗ്ദാന തുകയുടെ പകുതി തുക ദർഘാസ്/ലേലം അംഗീകരിച്ച് കിട്ടുന്ന ഉടനേയും ബാക്കി പകുതി രണ്ട് തുല്യ ഗഡുക്കളായി ആറ് മാസത്തിനകവും അടയ്ക്കേണ്ടതാണ്. ഒരു ഗഡു അടച്ചതിനുശേഷം ബാക്കിയുള്ള തുകയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരണ്ടി/സോൾവെൻസി ഹാജരാക്കിയാൽ അവകാശം ഏറ്റെടുത്തയാൾക്ക് ആദ്യം സമർപ്പിച്ച ബാങ്ക് ഗ്യാരണ്ടി/സോൾവെൻസി സർട്ടിഫിക്കറ്റ് റിലീസ് ചെയ്യാവുന്നതാണ്.

ദർഘാസ്/ലേല പ്രമാണങ്ങളും വിശദ വിവരങ്ങളും മുനമ്പം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ദർഘാസ് സമർപ്പിക്കാൻ നിശ്ചയിച്ച ദിവസത്തിന്റെ രണ്ടുദിവസം മുൻപ് മുതൽ ദർഘാസ് ദിവസം ഉച്ചയ്ക്ക് 12 മണിവരെ പ്രമാണത്തിന്റെ വില റൊക്കം പണമായി ഒടുക്കി രേഖാമൂലം അപേക്ഷിച്ചാൽ നൽകുന്നതാണ്. സ്ഥലത്തെ പോസ്റ്റ് മാസ്റ്റർ/ വില്ലേജ് ഓഫീസർ നൽകുന്ന തിരിച്ചറിയൽ കാർഡ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഇവയിലേതെങ്കിലും ഒന്ന് ഹാജരാക്കിയാൽ മാത്രമേ ദർഘാസ് ഫോറം നൽകുകയുള്ളൂ. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ തൃശ്ശൂർ ജില്ലയിൽ ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്റർ, കടപ്പുറം പഞ്ചായത്തിലെ മുനയ്ക്കക്കടവ് ഫിഷ് ലാന്റിംഗ് സെന്റർ എന്നിവ സന്ദർശിച്ച് നിലവിലുള്ള സൗകര്യങ്ങളും പരിമിതികളും മനസ്സിലാക്കേണ്ടതാണ്. ദർഘാസ്/ലേലം ഏത് സമയത്തും തിരസ്ക്കരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ഈ ദർഘാസ്/ലേലം കേരള സർക്കാരിന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും നിലവിലുള്ളതും മാറി വരുന്നതുമായ എല്ലാ ദർഘാസ്/ലേല നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കും. ലേല/ദർഘാസ് ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് ദർഘാസുകൾ സ്വീകരിക്കുന്നതും ലേലം നടത്തുന്നതുമായിരിക്കും.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, തുറമുഖ എഞ്ചിനീയറിംഗ്
വകുപ്പ്, എറണാകുളം
ഡിവിഷൻ, മുനമ്പം.

(ഒപ്പ്)
എക്സിക്യൂട്ടീവ്
എഞ്ചിനീയർ.

പുനർ ലേല/ദർഘാസ് പരസ്യം

നമ്പർ ഡ1/1027/2000/എഇഇ. 2011 മേയ് 16.

കേരള ഗവർണ്ണർക്കുവേണ്ടി പുതിയാപ്പ ഫിഷറി ഹാർബർ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു വർഷത്തേയ്ക്ക് വെള്ളായിൽ മൽസ്യബന്ധന കേന്ദ്രത്തിൽ നിന്നും ഗേറ്റ് കളക്ഷൻ, ലാന്റിംഗ്-ബർത്തിംഗ് എന്നിവ പിരിക്കുന്നതിനുള്ള അവകാശത്തിന് താഴെ കാണിച്ചിരിക്കുന്ന തീയതി മുതലോ ലേല/ദർഘാസ് അംഗീകരിച്ചു നൽകുന്ന തീയതി മുതലോ ഒരു വർഷത്തേക്ക് ഏറ്റെടുത്ത് നടത്തുന്നതിന് പ്രത്യേകം ആലേഖനം ചെയ്ത മുദ്രവച്ച കവറുകളിൽ മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

നിരതദ്രവ്യം—₹ 5,000.

ലേല/ദർഘാസ് പ്രമാണത്തിന്റെ വില—₹ 400 + വാറ്റ് @ 12.5%.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ ₹ 5,000 നിരതദ്രവ്യം അംഗീകൃത ബാങ്കിലെ ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കി പുതിയാപ്പ ഫിഷറി ഹാർബർ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പിൻവലിക്കാൻ അധികാരം രേഖപ്പെടുത്തിയ സ്റ്റാമ്പ് ഒപ്പിട്ട് രസീതുകൾ സഹിതം ദർഘാസ്/ലേലത്തിന് സമർപ്പിക്കേണ്ടതാണ്. ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ദർഘാസിനൊപ്പവും ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുൻപായും ₹ 100 വിലയുള്ള മുദ്രപ്പത്രത്തിൽ പ്രാഥമിക കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവരും ദർഘാസ് ഫോറം വാങ്ങി അതിലെ നിബന്ധനകൾ വായിച്ച് ഒപ്പുവച്ച് നൽകേണ്ടതാണ്. ഒരേ വ്യക്തി തന്നെ ദർഘാസിലും ലേലത്തിലും പങ്കെടുക്കുന്നുണ്ടെങ്കിൽ രണ്ട് ഫോറം വാങ്ങേണ്ടതും അത് പൂരിപ്പിച്ച് പ്രാഥമിക കരാറും നിരതദ്രവ്യവും പ്രത്യേകം പ്രത്യേകം രണ്ടു ഫോറത്തിനോടൊപ്പവും ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

ലേല/ദർഘാസ് പ്രമാണങ്ങളുടെ വിശദവിവരങ്ങൾ പുതിയാപ്പ ഫിഷറി ഹാർബർ സബ് ഡിവിഷൻ ഓഫീസിൽ നിന്നും 8-6-2011 രാവിലെ 10 മണി മുതൽ 15-6-2011 ഉച്ചയ്ക്ക് 1 മണിവരെ ദർഘാസ് പ്രമാണങ്ങളുടെ വില രൊക്കമായി ഒടുക്കി രേഖാമൂലം അപേക്ഷിച്ചാൽ നൽകുന്നതാണ്. ദർഘാസിലും ലേലത്തിലും പങ്കെടുക്കുന്ന ആൾ പ്രത്യേകം പ്രത്യേകം പ്രമാണങ്ങൾ വാങ്ങേണ്ടതാണ്. സ്ഥലത്തെ വില്ലേജ് ഓഫീസർ നൽകുന്ന തിരിച്ചറിയൽ കാർഡ്/റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഇവയിലേതെങ്കിലും ഒന്നും ഇൻകംടാക്സ് വകുപ്പ് നൽകിയ പാൻ കാർഡും ഹാജരാക്കിയാൽ മാത്രമേ ദർഘാസ് ഫോറം നൽകുകയുള്ളു. നിശ്ചിത സമയത്തിനുശേഷം സമർപ്പിക്കുന്നതും നിശ്ചിത നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്തതും ഒപ്പിട്ട പ്രാഥമിക ഉടമ്പടി ഇല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച ദർഘാസുകൾ നിരതദ്രവ്യത്തോടുകൂടി ദർഘാസ് സംബന്ധിച്ച വിവരങ്ങൾ ആലേഖനം ചെയ്ത സീൽവെച്ച കവറുകൾ 15-6-2011-നു വൈകിട്ട് 4 മണിക്ക് മുമ്പായി പുതിയാപ്പ ഫിഷറി ഹാർബർ സബ് ഡിവിഷൻ ഓഫീസിൽ ലഭിക്കേണ്ടതാണ്. മേൽ കാണിച്ച അവകാശത്തിനായി പരസ്യലേലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ 16-6-2011 ഉച്ചയ്ക്ക് 2.30 മണിക്ക് നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ പ്രമാണം വാങ്ങിയവർ 16-6-2011 ഉച്ചയ്ക്ക് 2 മണിക്ക് മുമ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിൽ മേൽപ്പറഞ്ഞ തരത്തിൽ നിരതദ്രവ്യം കെട്ടിവച്ച് കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. പ്രസ്തുത രസീത് നിശ്ചിത സമയമായ 2 മണിക്കു മുമ്പ് വാങ്ങാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല. പരസ്യ ലേലത്തിനുശേഷം ദർഘാസുകൾ തുറന്നു പരിശോധിക്കുന്നതും ലേലത്തിലോ/ദർഘാസിലോ ഏതിലാണോ കൂടുതൽ തുക വാഗ്ദാനം ചെയ്യപ്പെടുന്നത് (തുക ഡിപ്പാർട്ട്മെന്റിന് സ്വീകാര്യമാണെങ്കിൽ) ആ തുകയ്ക്ക് പ്രസ്തുത ആളുടെ പേരിൽ അംഗീകാരത്തിനു വിധേയമായി അവകാശം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. അവകാശം ഉറപ്പിച്ച് കരാർ ഒപ്പിട്ട് ഏറ്റെടുക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും നടത്തിപ്പിന്റെ കാലാവധി.

ലേല/ദർഘാസിൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആൾ ലേലത്തിനുശേഷം വാഗ്ദാനം ചെയ്ത തുകയുടെ 50% അടയ്ക്കേണ്ടതാണ്. തുടർന്ന് ലേല/ദർഘാസ് അംഗീകരിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുകയുടെ പകുതി അടച്ച് ഉടമ്പടി ഒപ്പ് വയ്ക്കേണ്ടതാണ്. അതോടൊപ്പം ശേഷിക്കുന്ന തുകയ്ക്കുള്ള ബാങ്ക് ഗ്യാരണ്ടിയോ സോൾവെൻസിയോ സമർപ്പിക്കേണ്ടതാണ്. ശേഷിക്കുന്ന ലേല/ദർഘാസ് തുക അവകാശം ഏറ്റെടുത്ത് 6 മാസം തികയുന്നതിനുമുമ്പായി അടയ്ക്കേണ്ടതാണ്. തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം 18% നിരക്കിൽ പലിശ ഈടാക്കുന്നതാണ്. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ ഒരു ലക്ഷത്തിനു മുകളിൽ വരുന്ന തുകയ്ക്ക് ഉടമ്പടി ഒപ്പ് വയ്ക്കുമ്പോൾ അദ്ദേഹത്തിന് ഇൻകംടാക്സ് വകുപ്പ് നൽകിയ പെർമനന്റ് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തേണ്ടതാണ്. ആയതിനാൽ ഇൻകംടാക്സ് വകുപ്പ് നൽകിയ പാൻ കാർഡ് ദർഘാസ് പ്രമാണം വാങ്ങുന്ന സമയത്ത് നിർബന്ധമായും കാണിച്ചിരിക്കേണ്ടതാണ്.

ഈ ലേല/ദർഘാസ് സർക്കാരിന്റെ നിലവിലുള്ള മാറി മാറി വരുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കും. ലേല/ദർഘാസുകൾ ഏതു സമയത്തും കാരണം കൂടാതെ നിരസിക്കുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ഏതെങ്കിലും കാരണവശാൽ ലേല ദിവസം ലേലം നടക്കാതെ വന്നാൽ തൊട്ടുത്ത പ്രവൃത്തി ദിവസം ലേലം നടക്കുന്നതായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,
ഫിഷറി ഹാർബർ സബ് ഡിവിഷൻ, (ഒപ്പ്)
പുതിയാപ്പ, പുതിയങ്ങാടി പി. ഒ., അസിസ്റ്റന്റ്
കോഴിക്കോട്-21. എക്സിക്യൂട്ടീവ് എഞ്ചിനീയർ.